Vol.22
Issue - 37
19 March 2017

# എമ്മാവൂസ് വചനദൂത്

നോമ്പുകാലം 4-ാം ഞായർ മത്തായി 21:33-44




ബ്ര. അമൽ വലിയപറമ്പിൽ

**നോ**മ്പുകാലത്തിന്റെ നാലാമത്തെ ഞായറാഴ്ചയിൽ, ഏൽപിക്കപ്പെട്ട മുന്തിരിത്തോട്ടത്തെക്കുറിച്ച് യജമാനനോട് അവിശ്വസ്തത പുലർത്തുകയും യജമാനൻ അയച്ച ഭൃത്യരെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്ന കൃഷിക്കാരുടെ ഉപമയെക്കുറിച്ച് നാം ധ്യാനിക്കുന്നു. ഒരർത്ഥത്തിൽ ഇസ്രായേലിന്റെ രക്ഷാകരചരിത്രത്തെ മുഴുവൻ, പഴയ നിയമത്തെയും പുതിയ നിയമത്തെയും, ഒരൊറ്റ ഉപമയിലൂടെ പുനരവതരിപ്പിക്കുകയാണ് ഈശോ ഇവിടെ. ദൈവം ലോകത്തെ സൃഷ്ടിക്കുന്നതും മനുഷ്യവംശത്തിന് രൂപം നൽകുന്നതും, പാപംമൂലം തന്നിൽ നിന്നകന്നവരെ രക്ഷിക്കുവാനായ് പ്രവാചകരെയും ന്യായാധിപരെയും രാജാക്കന്മാരെയും ഒടുവിൽ സ്വപുത്രനെതന്നെ അയക്കുന്നതും, അവൻ തന്റെ മരണം വഴി അവർക്ക് രക്ഷ സാധ്യമാക്കുന്നതുമൊക്കെ ഇവിടെ പ്രതിപാദ്യവിഷയമാകുന്നു. ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം മുന്തിരിത്തോട്ടവും കൃഷിക്കാരുമൊക്കെ അവർക്ക് ചിരപരിചിതമാണ്. ഈ ഒരു ചുറ്റുപാടിന്റെ ചുവടുപിടിച്ചുകൊണ്ട് ഈശോ തന്റെ തന്നെ വ്യക്തിത്വത്തെ വെളിപ്പെടുത്തുകയും തന്റെ രക്ഷാകരമായ പീഢാനുഭവങ്ങളെ മുൻകൂട്ടി പ്രവചിക്കുകയും ചെയ്യുന്നു.

ഈ നോമ്പുകാലത്ത് നമ്മുടെ തന്നെ ജീവിതങ്ങളെ ഈ ഉപമയുടെ പശ്ചാത്തലത്തിൽ വിചിന്തനം ചെയ്യാം. ദൈവം സൃഷ്ടിച്ച ഈ ലോകമാകുന്ന മുന്തിരിത്തോട്ടത്തിൽ കൃഷിക്കാരായി നമ്മുടെ ജീവിതങ്ങളെ ദൈവം സമ്മാനിക്കുമ്പോൾ നമ്മുടെ യജമാനനായ ദൈവത്തോടെ എപ്രകാരമാണ് നാം പ്രത്യുത്തരിക്കുന്നതെന്ന് ഒരു വേള ചിന്തിക്കുന്നത് നല്ലതാണ്.

- ഞാൻ ഈ ലോകത്തിലെ ഒന്നിന്റെയും സ്രഷ്ടാ

വോ, യജമാനനോ അല്ല. മറിച്ച് ഞാൻ വെറും കാവൽക്കാരനും ശുശ്രൂഷകനും മാത്രമാണ്. ദൈവമാണ് യഥാർത്ഥ യജമാനൻ.

- യഥാകാലം ഫലം കൊടുക്കുക എന്നതാണ് നിന്റെ പ്രഥമവും പ്രധാനവുമായ കടമ. ഫലം നൽകാനാണ് ദൈവം നിന്നെ അയച്ചത്, അല്ലാതെ ഫലം എടുക്കാനല്ല. നീ നൽകുന്ന ഫലം നിനക്കും നിനക്ക് സ്വന്തമായിട്ടുള്ളവരുടെയും വളർച്ചയ്ക്ക് വേണ്ടിയാണ്.

- നിന്നിൽ നിന്ന് ഫലം ശേഖരിക്കുന്നത് ദൈവം നേരിട്ടല്ല, വിവിധ ഭൃത്യന്മാരെ അയച്ചുകൊണ്ടാണ്. നിന്റെ അനുദിന ജീവിതത്തിൽ നിന്നോടൊപ്പം ജീവിക്കുന്നവരും നിന്നോട് ചേർന്ന് നിൽക്കുന്നവരുമാണ് ദൈവം അയച്ച ഭൃത്യന്മാർ.

യജമാനൻ അയയ്ക്കുന്ന ഭൃത്യരെ അടിക്കുന്നവനും, അവകാശം കൈക്കലാക്കാൻ യജമാനന്റെ പുത്രനെ നശിപ്പിക്കുന്നവനും തന്റെ തന്നെ ശിക്ഷാവിധിയാണ് നടത്തുക. ധർമ്മം മറന്ന് പ്രവർത്തിച്ചാൽ നല്ലതൊന്നും ലഭിക്കില്ല, ലഭിക്കുന്നത് ശിക്ഷയായിരിക്കും. നല്ല കൃഷിക്കാരനായി, യജമാനന്റെ മനം കവരണമെങ്കിൽ അവന്റെ ഭൃത്യരുടെ കൈവശം നല്ല ഫലങ്ങൾ കൊടുത്തു വിടും.

ദൈവം ദാനമായി നൽകിയ ഈ ലോകജീവിതത്തിൽ അവനോട് ചേർന്നു നിന്ന് നന്മപ്രവൃത്തികളാൽ അവനെ മഹത്വപ്പെടുത്തേണ്ട നാം, അതിനു വിപരീതമായി ദുഷ്ടതയാൽ നിറഞ്ഞ് അനീതിയും അക്രമവും കൊലയുമൊക്കെയായി അരങ്ങ് കൊഴുപ്പിക്കുമ്പോൾ, തന്റെ മുന്തിരിത്തോട്ടത്തിൽ നിന്ന് യഥാകാലം ഫലം അന്വേഷിച്ചുവരുന്ന യജമാനന്റെ ദൂതരോട് പരുഷമായി പെരുമാറുന്ന കർഷകർക്ക് തുല്യമാവുകയാണ് നമ്മുടെയും ജീവിതങ്ങൾ. അവരുടെ കണ്ണ് മുന്തിരിത്തോട്ടത്തിന്റെ മേന്മയിലായിരുന്നു. യജമാനന്റെ ഹിതത്തിന് അവർ മുൻഗണന നൽകിയില്ല. നമുക്ക് ദൈവഹിതങ്ങൾക്ക് മുൻഗണന നൽകുന്നവരാകാൻ കഴിയണം.

‘എന്റെ പുത്രനെ അവർ മാനിക്കും’ എന്ന് ആത്മഗതം ചെയ്ത് കൃഷിക്കാരിലുള്ള തന്റെ പ്രതീക്ഷയും വിശ്വാസവും അവസാനിപ്പിക്കാതെ അവരുടെ പക്കലേക്ക് തന്റെ ഏകജാതനെ അയക്കുന്ന യജമാനനെയും ഒരുവേള ധ്യാനിക്കാം. ദൈവത്തിന്റെ ദീർഘക്ഷമയും കരുണയും ഇവിടെ പ്രതിബിംബിക്കുന്നുണ്ട്. കൃഷിക്കാർ അതിക്രൂരമായ് തന്റെ ഭൃത്യരോട് പ്രവർത്തിച്ചിട്ടും അവരെ ഉടൻ ശിക്ഷിക്കാതെ വീണ്ടും ഒരവസരം കൂടി നൽകുകയാണ്. തന്റെ ഏകജാതനെ അയക്കുന്നതിലൂടെ എത്രയോ ദീർഘക്ഷമയോടെയാണ് ദൈവം ഇസ്രായേലിനെ കൈപിടിച്ചു നടത്തുന്നത് എന്ന് വെളിപ്പെടുത്തുകയാണ് ഉപമ. അനീതിയിൽ വ്യാപരിക്കുമ്പോഴും അലിവോടെ അരികിൽ അണയുന്നവനാണ് ദൈവം.

‘പുത്രനെ അയക്കുക’ എന്നത് നിർണ്ണായകവും അന്തിമവുമായ ഇടപെടലായി വേണം നാം മനസ്സിലാക്കാൻ. ഇതിനുമപ്പുറം ഇനി ഒന്നും ചെയ്യാനില്ലാത്ത വിധം ദൈവം പ്രവർത്തിക്കുന്നു. മാനസാന്തരത്തിനുള്ള അവസാന ക്ഷണവുമായി ഈശോ കടന്നുവരുന്നു. യോഹന്നാൻ ശ്ലീഹായുടെ വാക്കുകൾ നമുക്കോർക്കാം. “തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രയധികമായി സ്നേഹിച്ചു.” (യോഹ 3:16) ഏകജാതന്റെ രക്തത്തെ, ജീവനെ ലോകത്തിനു വേണ്ടി നൽകാൻ മാത്രം അവിടുന്ന് നമ്മൾ വസിക്കുന്ന ഈ ലോകത്തെ സ്നേഹിക്കുന്നു. ഈ സത്യങ്ങളെയെല്ലാം പുനരവതരിപ്പിച്ചുകൊണ്ട് ഓരോ വിശുദ്ധ കുർബാനയിലൂടെയും നമ്മിലേക്ക് എഴുന്നള്ളിവരുമ്പോൾ ആ വലിയ സ്നേഹത്തിലേക്ക് നമുക്ക് നമ്മെത്തന്നെ ചേർത്തു വയ്ക്കാം. അനുതാപം നിറഞ്ഞ ഹൃദയത്തോടെ അങ്ങനെ ഈ നോമ്പുകാലത്ത് യഥാകാലം ഫലം തരുന്ന നല്ല കർഷകരായ് നമുക്ക് മാറാം. ◆

